മലയാളം പ്ലാന്റേഷൻ ലിമിറ്റഡിന്റെ പക്കലുള്ള ഭൂമിയുടെ ഉടമസ്ഥാവകാശം

168(4799) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ജില്ലകളിലായി ഹാരിസന്റെ പക്കലുള്ള ഭൂമിയുടെ ഉടമസ്ഥാവകാശം പരിശോധിക്കാൻ നിയുക്തനായ സ്പെഷ്യൽ ഓഫീസറുടെ മുമ്പാകെ കമ്പനി അസൽ പ്രമാണങ്ങൾ ഹാജരാക്കിയിരുന്നോ;

(ബി) ഇടുക്കി ജില്ലയിലെ ഭൂമി, കേരള സംരക്ഷണ നിയമപരിധിയിൽ ഉൾപ്പെട്ടതാണെന്ന് സ്പെഷ്യൽ ഓഫീസറുടെ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ടോ;

(സി) ഭൂമിയിൽ ഉടമസ്ഥത സ്ഥാപിക്കാൻ എന്തൊക്കെ വാദങ്ങളാണ് കമ്പനി ഉന്നയിച്ചതെന്ന് വ്യക്തമാക്കുമോ; വിശദവിവരം വെളിപ്പെടുത്തുമോ;

(ഡി) വിവിധ ബ്രിട്ടീഷ് സ്ഥാപനങ്ങളിൽ നിന്നും വാങ്ങിയ ഭൂമി വിറ്റ കമ്പനികളുടെയും പ്രസ്തുത ഭൂമി വാങ്ങിയ മലയാളം പ്ലാന്റേഷൻ ലിമിറ്റഡിന്റെയും വിലാസം ഒന്നു തന്നെയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചു?

ഉത്തരം

(എ) ഇല്ല. ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും അസ്സൽ ആധാരങ്ങൾ ഹാജരാക്കിയിട്ടില്ല.

(ബി) റിപ്പോർട്ടല്ല, നടപടിക്രമമാണ് പുറപ്പെടുവിച്ചിട്ടുള്ളത്. 28-11-2014-ലെ GLR(LR)4/2013-ാം നമ്പർ നടപടിക്രമം പ്രകാരം കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി എന്നീ 4 ജില്ലകളിൽ ഹാരിസൺസ് മലയാളം ലിമിറ്റഡ് കൈവശംവയ്ക്കുന്നതും ടി കമ്പനി കൈമാറ്റം ചെയ്തതും, അന്യകൈവശങ്ങളിലുള്ള ഭൂമിയും സർക്കാരിന്റെ അധികാര പരിധിയിൽ വരുന്ന ഭൂമിയാണെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്.

(സി) 1908-ലെ ഇംഗ്ലീഷ് കമ്പനീസ് (കൺസോളിഡേഷൻ) ആക്ട് പ്രകാരം ഇംഗ്ലണ്ടിൽ 1921-ൽ രജിസ്റ്റർ ചെയ്ത M/s ഹാരിസൺസ് മലയാളം പ്ലാന്റേഷൻ (യു.കെ.) ലിമിറ്റഡ് എന്ന വിദേശ കമ്പനിയുടെ പേരിൽ രാജഭരണക്കാലത്ത് തിരുവിതാംകൂർ സംസ്ഥാനത്ത് കൈവശത്തിലുണ്ടായിരുന്ന സർക്കാർ ഗ്രാന്റുകളിൽപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഭൂമിയും സ്വകാര്യ വ്യക്തികളിൽ നിന്നും പാട്ടമായി ലഭിച്ച ഭൂമിയും ടി വിദേശ കമ്പനികൾക്ക് 1963-ലെ കേരള ഭൂപരിഷ്കരണ നിയമത്തിലെ 'കുടിയായ്മ (Tenancy)'-യിലൂടെ അവകാശം സിദ്ധിച്ചിട്ടുണ്ടെന്നും, പ്രസ്തുത വിദേശ കമ്പനിയുടെ പിൻതലമുറക്കാരായ 1984-ൽ നിലവിൽ വന്ന M/s ഹാരിസൺസ് മലയാളം ലിമിറ്റഡ് എന്ന കമ്പനി കേരള സംസ്ഥാനത്തിലെ നടപ്പുകുടിയാൻ (Cultivating tenant) ആണെന്നതുമാണ് കമ്പനിയുടെ പ്രധാന വാദം. എന്നാൽ കേരള ഭൂപരിഷ്കരണ നിയമപ്രകാരം വിദേശികൾക്ക് കേരളത്തിലെ കുടിയായ്മ സ്ഥാപിച്ചു നൽകാൻ വ്യവസ്ഥയില്ല, ഒരു കുടിയാന് ലഭിക്കാവുന്ന പരമാവധി ഭൂമി ടിയാന്റെ കുടുംബത്തിന്റെ കൈവശഭൂമി ഉൾപ്പെടെ 15 ഏക്കർ ആണ്. 1-4-1964-ന് ശേഷം സംസ്ഥാനത്ത് കുടിയായ്മ സൃഷ്ടിക്കാൻ കഴിയില്ല.

(ഡി) ഇംഗ്ലണ്ടിലെ ഒരേ മേൽവിലാസത്തിലുള്ള അനേകം കമ്പനികളുടെ അംഗീകൃത ഏജന്റായി ഭൂമി വിൽപ്പന നടത്തുന്ന വ്യക്തിയും, ടി കമ്പനികൾ വിൽക്കുന്ന ഭൂമി അതേ വിലാസത്തിലുള്ള M/s മലയാളം പ്ലാന്റേഷൻ (യു.കെ.) ലിമിറ്റഡിന് വേണ്ടി വാങ്ങുന്ന വ്യക്തിയും ഏജന്റായ ശ്രീ. ജോൺമാക്കിയാണെന്ന് കണ്ടെത്തിയിട്ടുണ്ട്. സർക്കാർ ഗ്രാന്റുകളും സ്വകാര്യ പാട്ടങ്ങളും മറച്ചുവയ്ക്കുന്നതിന് ഇത്തരം വിൽപ്പനക്കരാറുകൾ ഈസ്റ്റിന്ത്യാ കമ്പനിക്ക് വേണ്ടി ശ്രീ. ജോൺമാക്കി വ്യാജമായി തയ്യാറാക്കിയിട്ടുള്ളത്. ഇവയുടെ പകർപ്പുകളാണ് M/s. ഹാരിസൺസ് മലയാളം ലിമിറ്റഡ് കൈവശഭൂമിയിലെ അവകാശവാദം ഉന്നയിക്കാൻ ഹാജരാക്കിയിട്ടുള്ളത്. അസ്സലുകൾ ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും ഹാജരാക്കിയിട്ടില്ല.

സ്വകാര്യ വ്യക്തി കൈയേറിവച്ചിട്ടുള്ള സർക്കാർ ഭൂമി

169(4800) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല താലൂക്കിൽ ഒറ്റൂർ വില്ലേജിൽ റീ-സർവ്വെ നമ്പർ 116/8-നോട് ചേർത്ത് ഒരു സ്വകാര്യ വ്യക്തി കൈയേറി വച്ചിട്ടുള്ള സർക്കാർ ഭൂമി ഒഴിപ്പിച്ചെടുക്കുന്നതിന് വേണ്ടി ഗ്രാമപഞ്ചായത്തും എം.എൽ.എ.-യും നൽകിയ പരാതിയിൽ എന്ത് നടപടി സ്വീകരിച്ചു; വ്യക്തമാക്കാമോ; പ്രസ്തുത ഭൂമി റീ-സർവ്വെ റക്കോർഡിലും വില്ലേജ് രജിസ്റ്ററിലും കാണുന്നത് സർക്കാർ പുറമ്പോക്ക് ആണെന്നാണോ;

(ബി) സ്വകാര്യ വ്യക്തി സർക്കാർ ഭൂമി കൈയേറിയാൽ കൈയ്യേറ്റം ഒഴിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്; വ്യക്തമാക്കുമോ;